## കേരള സർക്കാർ

**സംഗ്രഹം**

പൊതുഭരണ (സൈനികക്ഷേമ) വകുപ്പ് - രണ്ടാം ലോക മഹായുദ്ധ സേനാനികൾക്കും അവരുടെ വിധവകൾക്കും നൽകിവരുന്ന പ്രതിമാസ സാമ്പത്തിക സഹായം - വാർഷിക വരുമാന പരിധി വർദ്ധിപ്പിച്ചു കൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## പൊതുഭരണ (സൈനിക ക്ഷേമ) വകുപ്പ്

**സ.ഉ.(എം.എസ്) നമ്പർ : 383/2013/പൊ.ഭ.വ** **തിരുവനന്തപുരം, തീയതി, 30.12.2013**

---

പരാമർശം :-

1. 14.07.1997-ലെ സ.ഉ.(അച്ചടി)നം.197/97/പൊ.ഭ.വ നമ്പർ സർക്കാർ ഉത്തരവ്.
2. 06.10.2009-ലെ സ.ഉ.(കയ്യെഴുത്ത്)നം.229/09/പൊ.ഭ.വ നമ്പർ സർക്കാർ ഉത്തരവ്.
3. 20.06.2013-ലെ സ.ഉ.(എം.എസ്)നം.181/13/പൊ.ഭ.വ നമ്പർ സർക്കാർ ഉത്തരവ്.
4. സൈനിക ക്ഷേമ ഡയറക്ടറുടെ 18.07.13-ലെ 9376/ബി-4/13/ഡി.എസ്.ഡബ്ല്യു നമ്പർ കത്ത്.

## ഉത്തരവ്

രണ്ടാം ലോകമഹായുദ്ധ സേനാനികൾക്ക് പരാമർശം (1)-ലെ ഉത്തരവു പ്രകാരം നൽകി വരുന്ന പ്രതിമാസ സാമ്പത്തിക സഹായത്തിനുള്ള വരുമാന പരിധി 6,000/- രൂപയിൽ നിന്നും 10,000/- രൂപയായി വർദ്ധിപ്പിച്ചു കൊണ്ട് പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പരാമർശം (3)-ലെ സർക്കാർ ഉത്തരവ് പ്രകാരം വാർഷിക വരുമാനം 10,000/- രൂപ വരെയുള്ള രണ്ടാം ലോകമഹായുദ്ധ സേനാനികൾക്കും അവരുടെ വിധവകൾക്കും നൽകിവരുന്ന പ്രതിമാസ സാമ്പത്തിക സഹായം യഥാക്രമം 1,000/- രൂപയിൽ നിന്നും 1,500/- രൂപയായും 500/- രൂപയിൽ നിന്നും 750/- രൂപയായും വർദ്ധിപ്പിച്ചിരുന്നു.

പരാമർശം 3-ലെ കത്തിൽ ടി വരുമാന പരിധി വർദ്ധിപ്പിക്കണമെന്ന് സൈനിക ക്ഷേമ ഡയറക്ടർ ശുപാർശ നൽകുകയുണ്ടായി. ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ചു. രണ്ടാം ലോകമഹായുദ്ധ സേനാനികൾക്കും

അവരുടെ വിധവകൾക്കും നൽകിവരുന്ന പ്രതിമാസ സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള വരുമാന പരിധി 10,000/- രൂപയിൽ നിന്നും 50,000/- രൂപയായി വർദ്ധിപ്പിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**കെ. ആർ. ജ്യോതിലാൽ**

സെക്രട്ടറി

To,

സൈനിക ക്ഷേമ ഡയറക്ടർ, വികാസ് ഭവൻ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് *(17.12.13-ലെ 104385/Exp.B1/13/Fin. നമ്പർ അനൗദ്യോഗിക കുറിപ്പ്).*
എല്ലാ ജില്ലാ സൈനിക ക്ഷേമ ഓഫീസർമാർക്കും.
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ&പി.ആർ.ഡി.
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.